# കേരള കാർഷിക സർവകലാശാല

നാളികേര ഗവേഷണകേന്ദ്രം, ബാലരാമപുരം
കട്ടച്ചൽക്കുഴി, ബാലരാമപുരം
0471-2400621

നമ്പർ. ബി.377/2016 തീയതി :10.11.2022

## ക്വട്ടേഷൻ നോട്ടീസ്

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിൽ റിവോൾവിംഗ് ഫണ്ട്/സ്റ്റേറ്റ് പ്ലാൻ പ്രോജക്ടിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെടുന്ന തെങ്ങുകളുടെ മണ്ടവൃത്തിയാക്കി മരുന്ന് തളിക്കുന്നതിനും വിളഞ്ഞ/പാകമായ തേങ്ങ പറിക്കുന്നതിനും തടം തുറക്കുന്നതിനും പരിചയ സമ്പന്നരായ തെങ്ങ് കയറ്റക്കാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം ക്വട്ടേഷൻ നൽകിയ വ്യക്തി നിർദ്ദേശിക്കപ്പെടുന്ന തെങ്ങുകളുടെ മണ്ടയിലെ ഉണങ്ങിയഓല, കൊതുമ്പുകൾ, വിളഞ്ഞ തേങ്ങ മുതലായവ വെട്ടിമാറ്റുക, മണ്ടയിലെ അഴുകിയ നാമ്പോല/ഓല/കേടായ ഭാഗങ്ങൾ എന്നിവ ചെത്തിമാറ്റി തെങ്ങിന്റെ മണ്ടവൃത്തിയാക്കുക, തടം എടുത്തു വളം, കീട-കുമിൾ നാശിനികൾ ഒഴിക്കുക, മണ്ടയിലെ നിർദ്ദിഷ്ട ഭാഗങ്ങളിൽ നിർദ്ദേശാനുസരണം കീടനാശിനി/ കുമിൾനാശിനി എന്നിവ സ്പ്രേയർ ഉപയോഗിച്ച് തളിക്കുകയോ ഒഴിച്ച് കൊടുക്കുകയോ ഇവയുടെ സാഷേ (saichets) ഓലകവിളുകളിൽ നിക്ഷേപിക്കുക എന്നിവ ചെയ്യണം.

ക്വട്ടേഷൻ കവറിനു പുറത്ത് **"നിർദ്ദേശിക്കപ്പെടുന്ന തെങ്ങുകളുടെ മണ്ടവൃത്തിയാക്കി പാകമായ/വിളഞ്ഞ തേങ്ങ പറിക്കുകയും തടം തുറക്കുകയും മരുന്ന് തളിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി പ്രൊഫസർ ആന്റ് ഹെഡ്, നാളികേര ഗവേഷണകേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമ പുരം എന്ന വിലാസത്തിൽ 03.12.2022 തീയതി 3.00 മണിക്ക് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനിൽ തെങ്ങൊന്നിന് മണ്ടവൃത്തി യാക്കി മരുന്ന് തളിക്കുന്നതിനും തടം തുറക്കുന്നതിനുമുള്ള കൂലി പ്രത്യേകം രേഖപ്പെടുത്തേ ണ്ടതാണ്.

ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 3.15 മണിക്ക് തുറക്കുന്നതും, തെങ്ങൊന്നിന് തെങ്ങിന്റെ മണ്ടവൃത്തിയാക്കി പാകമായ/വിളഞ്ഞ തേങ്ങ പറിക്കുകയും മരുന്ന് തളിക്കുന്ന തിനും തടം തുറക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന കരാറുകാര ന്റെ പേരിൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ഏതെങ്കിലും ക്വട്ടേഷൻ കാരണം കാണിക്കാതെ തന്നെ നിരസിക്കുവാനുള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്ത മാണ്. കരാർ ലഭിക്കുന്ന കരാറുകാരൻ ഈ കേന്ദ്രത്തിൽ നിന്നും നൽകുന്ന കരാർ വ്യവസ്ഥ കൾ രേഖപ്പെടുത്തിയ കരാർപത്രം ഒപ്പിട്ടു നൽകേണ്ടതാണ്.

കരാർ പ്രകാരം പണിക്കു നിയോഗിക്കപ്പെടുന്ന കരാറുകാരന് ഈ കേന്ദ്രത്തിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾക്കോ അവകാശങ്ങൾക്കോ അർഹത ഉണ്ടായിരി ക്കുന്നതല്ല.

എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ഒപ്പ്/-
പ്രൊഫസർ ആന്റ് ഹെഡ്

പകർപ്പ് :

1. കേരള കാർഷിക സർവ്വകലാശാല വെബ്ബ്സൈറ്റ്
2. അസിസ്റ്റന്റ് പ്രൊഫസർ & ഫാം ഇൻ - ചാർജ്ജ്
3. ഫാം മാനേജർ
4. കോട്ടുകാൽ /കല്ലിയൂർ/വെങ്ങാനൂർ വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
5. കോട്ടുകാൽ/കല്ലിയൂർ/വെങ്ങാനൂർ പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
6. നോട്ടീസ് ബോർഡ്
7. കരുതൽ ശേഖരം

അഡ് മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്